ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം വാമനപുരം
ഫോൺ നം.04722961140 ഇ മെയിൽ-;phcvamanapuram @gmail .com
വാമനപുരം തിരുവനന്തപുരം -695 606

നം എ2-653/2025 തീയതി:17/10/2025.

## ദർഘാസ്

2025-26 വർഷത്തെ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്റ്റ് 90/2026 പ്രകാരം വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതുതായി നിർമിച്ച കെട്ടിടം പ്രവർത്തന ക്ഷമമാക്കുന്നതിന് ആവശ്യമായ ഫർണിച്ചറുകൾ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച മത്സര സ്വഭാവമുള്ള ദർഘാസ്സുകൾ ക്ഷണിച്ചു കൊള്ളുന്നു.

## ദർഘാസ് നമ്പർ-02/2025

കവറിനു പുറത്ത് ദർഘാസ് നമ്പർ രേഖപ്പെടുത്തി മെഡിക്കൽ ആഫീസർ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രം, വാമനപുരം, വാമനപുരം പി.ഒ, തിരുവനന്തപുരം-695 606 എന്ന വിലാസത്തിൽ 11/11/2025 പകൽ 3.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. സ്വീകാര്യമായ ദർഘാസുകൾ 12/11/2025 പകൽ 11.00 മണിയ്ക്ക് സന്നിഹിതരായിരിക്കുന്ന പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ദർഘാസ് ഫോമുകൾ നൽകുന്ന അവസാന തീയതി, 10/11/2025. പകൽ 3.00 മണി വരെയാണ്. സാധനങ്ങളുടെ മതിപ്പുവില 400000/- (നാലു ലക്ഷം ) രൂപയാണ്.

## വ്യവസ്ഥകൾ

1) ദർഘാസ് ഫോറം പ്രവൃത്തി ദിവസങ്ങളിൽ 10/11/2025 പകൽ 3.00 മണിവരെ 800/- രൂപ + 18% ജി.എസ്.റ്റി (ജി.എസ്.റ്റി. തുക ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്) നൽകി ടി ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. ദർഘാസ് ഫോറം വിലയായി ചെക്ക്, ഡ്രാഫ്റ്റ്, പോസ്റ്റൽ ഓർഡർ എന്നിവ സ്വീകരിക്കുന്നതല്ല.

2) ദർഘാസിനൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റും, നിരതദ്രവ്യമായി 4000/- രൂപ (നാലായിരം രൂപ മാത്രം) മെഡിക്കൽ ആഫീസറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡി.ഡി. ഉള്ളടക്കം ചെയ്യേണ്ടതാണ്. അല്ലാത്തവ നിരസിക്കുന്നതായിരിക്കും. (ചെക്ക് സ്വീകരിക്കുന്നതല്ല)

EMD-യിൽ നിന്നും ഏതെങ്കിലും സ്ഥാപനത്തെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

3) ദർഘാസ്സുകൾ സീൽ ചെയ്ത കവറിൽ സമർപ്പിക്കേണ്ടതും കവറിനു പുറത്ത് ദർഘാസ് നമ്പർ - 02/2025-26- ഉം 'വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ ഫർണിച്ചറുകൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്' എന്ന് എഴുതേണ്ടതുമാണ്.

4) വിതരണം ചെയ്യുന്ന ഓരോ ഫർണിച്ചറുകളുടെയും നികുതി ഉൾപ്പെടെയുള്ള വിലവിവരങ്ങൾ ടെൻഡറിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഈ സ്ഥാപനത്തിൽനിന്നും തയാറാക്കിയിരിക്കുന്ന നിശ്ചിത മാതൃകയിൽ തന്നെ (സീരിയൽ നമ്പർ ക്രമത്തിൽ) ടെൻഡർ ഫോമിൽ ഇനങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഇതിനു വിപരീതമായി സമർപ്പിക്കുന്ന ടെൻഡറുകൾ നിരസിക്കുന്നതാണ്. ഫർണിച്ചറുകളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

5) ടെൻഡർ ലഭ്യമാകുന്ന സ്ഥാപനം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന ഫർണിച്ചറുകളുടെ സാമ്പിളുകൾ ലഭ്യമാക്കേണ്ടതും, സ്വന്തം ചിലവിൽ ഫർണിച്ചറുകൾ ഈ സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ടെൻഡർ ഉറപ്പിച്ച് കിട്ടുന്ന സ്ഥാപനം ലഭ്യമാക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഇല്ലാ എന്നു കണ്ടാൽ പർച്ചേസ് ഓർഡർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം മെഡിക്കൽ ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

6) ദർഘാസുകൾ നിരസിക്കുന്നതിനും മാറ്റി വയ്ക്കുന്നതിനുമുള്ള അധികാരം മെഡിക്കൽ ആഫീസറിൽ നിക്ഷിപ്തമായിരിക്കും.

ദർഘാസുമായി ബന്ധപ്പെട്ട കുടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി സമയങ്ങളിൽ ഈ ആഫീസുമായി ബന്ധപ്പെടാവുന്നതാണ്.

മെഡിക്കൽ ആഫീസർ ഇൻചാർജ്ജ്
കുടുംബാരോഗ്യകേന്ദ്രം, വാമനപുരം

പകർപ്പ്

1. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2) ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം), തിരുവനന്തപുരം
3) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വാമനപുരം
4) സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്, നെല്ലനാട്
5) സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്, വാമനപുരം

നോട്ടീസ് ബോർഡ്.

| SL.NO | ITEM | QUANTITY |
|---|---|---|
| 1 | Fowlers Cot/Observation Bed (198x90x60) - with Rails, IV Stand, Mattress – 4 inch, Pillow, 2 section for back and leg. Fully SS | 3 |
| 2 | Image Trolley - 3 Seperation, fully closed, Top Door | 1 |
| 3 | Steel Chair without Arm – With Back Rest, Fully SS | 25 |
| 4 | Plastic Chair With Arm (Nilkamal/Cello/Supreme) | 30 |
| 5 | Nebulization Chair with foldable hand rest pad | 2 |
| 6 | Linen Trolley- 3 Shelves, 2 Bag, Fully SS, 4" Caster Wheel with Brake, 4x2x3.5 feet | 1 |
| 7 | Medicine Loading Trolley/ Platform Trolley- Fully SS<br><br>3x2 feet, 10" Caster Wheel with Brake | 1 |
| 8 | Steel Revolving Stool- Back Support & Height Adjustable( Laborotary Use) | 3 |
| 9 | ECG Bed/ Bystander Bed - 198x75x40 | 2 |
| 10 | Examination Table with Foot Step and mattress | 1 |
| 11 | Matress 4" Thickness - 187*84 – 4, 172*76 – 1, 174*88 – 1.<br><br>Coir and Foam | 6 |
| 12 | Matress Cover- Leather (Thickness 4") 85*190 – 1, 80*190 – 2, 90*200 – 1, 90*190 – 2, 90*195- 1. | 7 |

മെഡിക്കൽ ഓഫീസർ ഇൻ ചാർജ്
ബ്ലോക്ക് കുടുംബാരോഗ്യ